7364
3/13/17

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്-നേര്യമംഗലം റേഞ്ചിലെ വാളറ ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്തു നിന്നും കെ.എൽ6-7684 നമ്പർ ഡിപ്പാർട്ട്മെന്റ് ജീപ്പ് മോഷണം പോയതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി-റിവ്യൂ ഹർജി - തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.96/2017/വനം തീയതി, തിരുവനന്തപുരം, 20.03.2017.

പരാമർശം:- 1) 29.05.2014 ലെ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 3857/2008 നമ്പർ ഉത്തരവ്

2) 05.07.2015 ലെ കൊല്ലം റീജിയണൽ സൗത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ആർ.എസ് 3-6280/14 നമ്പർ ഉത്തരവ്

3) 11.11.2015 തീയതിയായി ശ്രീ.റ്റി.എൻ മോഹനൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) ന്റെ അപ്പീൽ പരാതി.

4) 12.11.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി8-25673/2015 നമ്പർ കത്ത്

## ഉത്തരവ്

മൂന്നാർ ഡിവിഷൻ നേര്യമംഗലം റേഞ്ചിലെ വാളറ ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്തുനിന്നും 27.05.2007 രാത്രിയിൽ കെ.എൽ6-7684 നമ്പർ ഡിപ്പാർട്ട്മെന്റ് ജീപ്പ് മോഷണം പോയതുമായി ബന്ധപ്പെട്ട് ശ്രീ.റ്റി.എൻ.മോഹനൻ, ഫോറസ്റ്റർ (റിട്ട), ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.എസ്.വിപിൻ എന്നിവർക്ക് കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകുകയും ടിയാന്മാർക്കെതിരെ ഔപചാരിക അന്വേഷണത്തിൽ ആരോപിത കുറ്റം തെളിഞ്ഞതിനാൽ ശ്രീ.മോഹനന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുവാനും. നഷ്ടപ്പെട്ട വാഹനത്തിന്റെ വിലയായ 45,000/- രൂപയുടെ പകുതി വിലയായ 22,500/- രൂപ ടിയാനിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ച് പരാമർശം (1) പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ ,പരാമർശം (2) പ്രകാരം നിരസിക്കുകയും ചെയ്യുകയുണ്ടായി.

2. മേൽ ഉത്തരവിനെതിരെ ശ്രീ.റ്റി.എൻ.മോഹനൻ, ഫോറസ്റ്റർ (റിട്ട) പരാമർശം (3) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു.

3. അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ സ്വീകരിക്കുവാൻ ശിക്ഷണാധികാരി അന്തിമമായി തീരുമാനിക്കുന്നതിനു മുമ്പ് ടി റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകി അതിലെ നിഗമനങ്ങളെക്കുറിച്ച് ടിയാന് വിശദീകരണം ബോധിപ്പിക്കുവാൻ ഒരവസരം നൽകിയില്ല എന്നും. വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ കിടന്നിരുന്ന കെ.എൽ6-7684 നമ്പർ ജീപ്പ് 27.05.2007 ൽ രാത്രി മോഷണം പോകാൻ ഇടയായത് ടി ജീപ്പ് കാത്തു സൂക്ഷിക്കുന്നതിൽ ടിയാൻ വീഴ്ച വരുത്തിയതു കൊണ്ടല്ല. തന്റെ നിയന്ത്രണത്തിന് തീർത്തും അതീതമായ

കാരണങ്ങളാലാണ് എന്നും, ടിയാൻ റിവ്യൂ ഹർജിയിൽ ബോധിപ്പിച്ചിട്ടുണ്ട്. 27.05.2007 ൽ റിസർവ്വ് പരിശോധനയ്ക്ക് ശേഷം തിരിച്ചെത്തിയ ടിയാൻ സ്റ്റേഷനിൽ വിശ്രമത്തിലായിരുന്നു. സ്റ്റേഷൻ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്നവർ 24 മണിക്കൂറും സ്റ്റേഷനിൽ തുടർച്ചയായി ജോലി ചെയ്യുകയാണ് പതിവ്. അന്നേ ദിവസം സ്റ്റേഷൻ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഫോറസ്റ്റ് ഗാർഡ് ശ്രീ.എ.എസ്.വിപിന്റെ ഉത്തരവാദിത്തമായിരുന്നു സ്റ്റേഷനിലും പരിസരത്തും നടക്കുന്ന കാര്യങ്ങൾ നിരീക്ഷിക്കുന്നതും, യഥാസമയം ടിയാനെ ധരിപ്പിക്കുന്നതും. ഇക്കാര്യത്തിൽ വീഴ്ച എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെ അത് സ്റ്റേഷൻ ഡ്യൂട്ടിയിലുണ്ടായിരുന്ന ആളിന്റെ ഭാഗത്തു നിന്നുമാണ്. വിശ്രമത്തിലായിരുന്ന ടിയാനെ ഇക്കാര്യത്തിൽ കുറ്റക്കാരനായി കണക്കാക്കി ശിക്ഷിക്കാൻ പാടില്ലായിരുന്നു എന്നും, ടിയാന്റെ സസ്പെൻഷന് യാതൊരു നീതീകരണവും ഇല്ലായിരുന്നുവെന്നും 1960 ലെ കെ.സി.എസ് (സി.സി&എ) റൂൾസിലെ 10-ാം ചട്ടത്തിനനുസൃതമായിട്ടല്ല സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് എന്നും ആയതിനാൽ ടി കാലയളവ് അർഹതപ്പെട്ട അവധിയായിട്ട് ക്രമീകരിക്കുന്നതിനു പകരം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കേണ്ടതായിരുന്നു എന്നും, ടിയാനെ ശിക്ഷിച്ച കൊണ്ടുള്ള ഉത്തരവും, അപ്പീൽ നിരസിച്ചുകൊണ്ടുള്ള ഉത്തരവും റദ്ദാക്കി, കുറ്റവിമുക്തനാക്കി, സസ്പെൻഷൻ കാലം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചും, ടി കാലത്തെ മുഴുവൻ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചും ഉത്തരവാകണമെന്നും റിവ്യൂ ഹർജിയിൽ ശ്രീ.റ്റി.എൻ മോഹനൻ ആവശ്യപ്പെട്ടു.

4. റിവ്യൂ ഹർജിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ (ഭരണം) പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കി. ആരോപണങ്ങൾ യാതൊന്നും തന്നെ ന്യായീകരിക്കാവുന്നതല്ലെന്നും 27.05.2007 രാത്രിയിൽ വാളറ സ്റ്റേഷൻ കോമ്പൗണ്ടിൽ നടന്ന കെ.എൽ6-7684 നമ്പർ ജീപ്പ് മോഷണത്തിന് അന്നേ ദിവസം സ്റ്റേഷൻ ചാർജ്ജ് വഹിച്ചിരുന്ന ജീവനക്കാർ ഉത്തരവാദികളാണ് എന്ന് ഔപചാരികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത ദിവസം സ്റ്റേഷൻ ചാർജ്ജിലുണ്ടായിരുന്ന ശ്രീ.റ്റി.എൻ.മോഹനന്റെ, ടി സംഭവത്തിന്റെ ഉത്തരവാദിത്വം സ്റ്റേഷൻ ഡ്യൂട്ടിക്കാരനായ ശ്രീ.എ.എസ്.വിപിൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് മാത്രമാണ് എന്ന വാദഗതി അംഗീകരിക്കാനാകില്ല. ഇക്കാര്യത്തിൽ രണ്ട് പേർക്കും കൂട്ടുത്തരവാദിത്വമാണ്. ജീപ്പ് മോഷണം പോയത് സംബന്ധിച്ച് കുട്ടമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം.45/07 കേസിന്മേൽ അന്വേഷണം പൂർത്തിയാക്കിയതായി വിവരം ലഭിച്ചിട്ടില്ല. മോഷണം പോയ ജീപ്പ് കണ്ടെത്താനുമായിട്ടില്ല. ആയതിനാൽ അന്നേ ദിവസം സ്റ്റേഷൻ ചാർജ്ജിലായിരുന്ന ഫോറസ്റ്റർക്ക് പ്രസ്തുത കൃത്യത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒരു കാരണവശാലും ഒഴിഞ്ഞ് മാറാനാവില്ല. ടിയാന് നൽകിയ ശിക്ഷയിൽ ഇളവ് നൽകേണ്ടതായ കാരണങ്ങൾ ഒന്നും റിവ്യൂ ഹർജിയിൽ തന്നെയില്ലായെന്നും ആയതിനാൽ പരാമർശം (1) പ്രകാരം ടിയാന് നൽകിയ ശിക്ഷയിൽ ഇളവ് വരുത്തേണ്ടതില്ലായെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ (ഭരണം) അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. റിവ്യൂ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 24.01.2017 ൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. റിവ്യൂ ഹർജിയിൽ ഉന്നയിച്ചിരുന്ന കാര്യങ്ങൾ തന്നെ ടിയാൻ ഹിയറിംഗ് വേളയിലും ആവർത്തിച്ചു. മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കുറ്റപത്രം നൽകിയ

നടപടി ശരിയല്ലെന്നും, കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 31-ാം ചട്ട പ്രകാരമല്ല അപ്പീൽ തീർപ്പാക്കിയതെന്നും, സംഭവദിവസം അവധി അനുവദിച്ച് കിട്ടാതെ, ലീവിലായിരുന്ന ഡെപ്യൂട്ടി റെയിഞ്ചർക്കെതിരെയും നടപടി എടുക്കണമായിരുന്നു എന്നും ടിയാൻ ആവശ്യപ്പെട്ടു.

6. റിവ്യൂ ഹർജിയിലെ വാദങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. നേര്യമംഗലം റെയിഞ്ചിൽ, വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും കെ.എൽ6-7684 നമ്പർ ജീപ്പ് മോഷണം പോയ വിഷയത്തിൽ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള എല്ലാ വിധ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് കൊണ്ടാണ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ തീർപ്പാക്കിയിട്ടുള്ളത് എന്ന് സർക്കാർ വിലയിരുത്തുന്നു. ഔപചാരികാന്വേഷണത്തിലും അന്നേ ദിവസം സ്റ്റേഷൻ ചാർജ്ജ് വഹിച്ചിരുന്ന ജീവനക്കാർ ഉത്തരവാദികളെന്ന് കണ്ടെത്തിയിട്ടുണ്ട്. ടിയാനെ നേരിൽ കേട്ടതിനു ശേഷമാണ് അച്ചടക്ക നടപടിക്കെതിരെ സമർപ്പിച്ച അപ്പീൽ പരാമർശം (2) പ്രകാരം നിരസിച്ചിട്ടുള്ളത്. ഉപയോഗത്തിലിരുന്ന ഒരു ജീപ്പിന്റെ വില 45,000/- രൂപയായി നിശ്ചയിച്ചതിലും അപാകതയില്ലെന്നു കാണുന്നു. സ്റ്റേഷൻ ചാർജ്ജുണ്ടായിരുന്ന റിവ്യൂ ഹർജിക്കാരനും എ.എസ്.വിപിൻ എന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കും കൂട്ടുത്തരവാദിത്വം കണക്കിലെടുത്ത് ഒരേ ശിക്ഷയാണ് നൽകിയിരിക്കുന്നത്. അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിലെ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടില്ല. സ്വാഭാവിക നീതി അനുവദിച്ചിട്ടുമുണ്ട്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും പരിശോധിച്ചതിൽ റിവ്യൂ ഹർജി പരിഗണിക്കേണ്ട ഒരു സാഹചര്യവും നിലനിൽക്കുന്നതായി കാണാൻ കഴിയാത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ശിക്ഷ നിലനിർത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ശ്രീ.റ്റി.എൻ.മോഹനൻ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
നാസറുദ്ദീൻ എ.
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ. റ്റി.എൻ.മോഹനൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ